

Vol. 10, Issue: 25

എമ്മാവൂസ് വചനഭേരി

# ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ

**മത്താ. 22-41:46, ഹെബ്രാ. 9-16:28**

**ബ്രദർ ജോഷി കണ്ണമ്പുഴ MCBS**

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ദൈവരാജ്യത്തിന്റെ ആഗമനം പ്രഖ്യാപിച്ചുകൊണ്ട്, ശാന്തിയുടേയും സമാധാനത്തിന്റേയും സുവിശേഷം ലോകത്തെ അറിയിച്ചുകൊണ്ട് ദൈവം മനുഷ്യനായി അവതരിച്ചു. തന്നെ പ്രതീക്ഷയോടെ കാത്തിരുന്ന ഒരു ജനതയ്ക്ക് മുമ്പിൽ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും രാജാവായി അവൻ കടന്നുവന്നു. ആരാധനക്രമവത്സരത്തിലെ അവസാന ഞായറാഴ്ചയായ ഇന്ന് ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആഘോഷിച്ചുകൊണ്ട്, അവിടുത്തെ ഭരണതന്ത്രത്തേയും, ജീവിതശൈലിയേയും ഒന്ന് വിചിന്തനം ചെയ്യാൻ തിരുസഭ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഫരിസേയരുടെ മുമ്പിൽ ചില ചോദ്യങ്ങളുമായി കടന്ന് വരുന്ന ഈശോയേയാണ് ഇന്നത്തെ സുവിശേഷത്തിൽ നമ്മൾ കാണുക. ഈശോ ചോദിച്ചു ക്രിസ്തുവിനെപ്പറ്റി നിങ്ങൾ എന്ത് വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്? ദാവീദിന്റെ എന്നവർ പറഞ്ഞു. ഈശോ വീണ്ടും ചോദിച്ചു. അപ്പോൾ പിന്നെ എങ്ങനെയാണ് ദാവീദ് ആത്മാവിനാൽ പ്രചോദിതനായ് അവനെ കർത്താവ് എന്ന് വിളക്കുന്നത്? അവർക്ക് ഉത്തരംമുട്ടി എന്ന് വചനത്തിൽ നമ്മൾ കാണുന്നു.

ക്രിസ്തു ദാവീദിന്റെ വംശത്തിൽ പിറക്കുന്ന രാജാവും വിമോചകനും ആയിരിക്കുമെന്നും, ഭൗതീക ഭരണം നടത്തുന്ന ഭരണകർത്താവായിരിക്കുമെന്നും യഹൂദർ പ്രതീക്ഷിച്ചിരുന്നു. വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായിൽ ഒരു രാഷ്ട്രീയ നേതാവിനെയാണ് യഹൂദർ കണ്ടിരുന്നത്. ദാവീദ് വംശത്തിൽ പിറക്കുന്ന ക്രിസ്തുവിനെക്കുറിച്ച് നിരവധി പ്രവചനങ്ങൾ വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജസ്സെയുടെ കുറ്റി, ജസ്സെയുടെ വേര് (ഏശ. 11:1,10), ദാവീദിന്റെ വംശത്തിലെ നീതിയുടെ ശാഖ (പുറ. 23:5) തുടങ്ങിയ വിശേഷണങ്ങളിൽ നിന്നെല്ലാം ഇത് മനസ്സിലാക്കാം. എന്നാൽ ക്രിസ്തു ദൈവപുത്രനാണെന്നും, അവന്റെ മനുഷ്യാവതാരം ലോകത്തിൽ ദൈവരാജ്യം സ്ഥാപിക്കാൻ വേണ്ടിയായിരുന്നു എന്നതും മനസ്സിലാക്കാൻ ആ ജനതയ്ക്ക് കഴിഞ്ഞില്ല. 1925 ലാണ് 11-ാം പീയൂസ് പാപ്പാ ക്രിസ്തുവിനെ സർവ്വലോക രാജാവായി പ്രഖ്യാപിക്കുന്നത്. ഒന്നാം ലോകമഹായുദ്ധാനന്തരം രാജാക്കന്മാരുടെയും, ഏകാധിപതികളുടെയും കിരാതഭരണത്തിൽ രാജ്യങ്ങൾ ഞെരിഞ്ഞമർന്നു. എവിടെയും അധികാരകൊതിയും അനീതിയും നടമാടി. രാഷ്ട്രങ്ങൾ തമ്മിൽ ശത്രുത വളർന്നു. ഈയവസരത്തിലാണ് നിത്യം നിലനിൽക്കുന്ന രാജ്യത്തേയും സ്നേഹത്തിന്റെ ഭരണം നടത്തുന്ന രാജാവിനേയും, ലോകത്തിന് പരിചയപ്പെടുത്തിക്കൊണ്ട് ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആഘോഷിക്കാൻ മാർപാപ്പ ആഹ്വാനം ചെയ്തത്.

ലോകം കണ്ടതിൽവച്ച് ഏറ്റവും വ്യത്യസ്ഥനായ ഒരു രാജാവിനേയാണ് ക്രിസ്തുവിൽ നമുക്ക് കാണാൻ കഴിയുക. കണ്ണഞ്ചിപ്പിക്കുന്ന മോഹന വാഗ്ദാനങ്ങളുമായി ജനഹൃദയങ്ങളെ സ്വാധീനിക്കുകയും, എന്നാൽ അത് നടപ്പിൽ വരുത്താതെ അവരെ വഞ്ചിക്കുകയും ചെയ്യുന്ന ഭരണാധികാരികൾക്ക് ഒരു വെല്ലുവിളിയായിട്ടാണ് ഈശോ ലോകത്തിലേക്ക് വന്നത്. ഈ ലോകത്തിൽ മറ്റൊരു രാജാവിനും പ്രഖ്യാപിക്കാൻ കഴിയാത്ത വാഗ്ദാനവുമായിട്ട്. വി. മത്തായി 11:28 ൽ അവിടുന്ന് തന്റെ ജനത്തെ നോക്കിപ്പറയുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം." ഏത് രാജാവാണ് തന്റെ ജനങ്ങളെ ഇത്രയധികം സ്നേഹത്തോടെ ചേർത്ത് നിർത്തിയിട്ടുള്ളത്?

മറ്റൊരു ശ്രദ്ധേയമായ കാര്യം എല്ലാ രാജാക്കന്മാരും ജനിച്ച് വീഴുന്നതും, തങ്ങളുടെ ജീവിതം നയിക്കുന്നതും ആഡംബരങ്ങളിലാണ്. എന്നാൽ

ക്രിസ്തുവെന്ന രാജാവ് ജനിച്ചതും വളർന്നതും മരിച്ചതും ദരിദ്രനായിട്ടാണ്. അതുകൊണ്ട് തന്നെ ഒന്നുമില്ലാത്തവന്റെ നെടുവീർപ്പുകൾ അവൻ കാണുന്നുണ്ട്.

ലിബിയായിലെ ഏകാധിപതിയായിരുന്ന ഗദ്ദാഫി ലോകത്തിന് മുമ്പിൽ വർണ്ണാഭമായ ഒരു ചിത്രമായിരുന്നു. നിറപ്പകിട്ടാർന്ന പട്ടാളവേഷവും, വിലയേറിയ സൺഗ്ലാസും, തലയിൽ കൗബോയ് തൊപ്പിയുമണിഞ്ഞ് നിൽക്കുന്ന ഗദ്ദാഫി. 40-ലേറെ വർഷങ്ങൾ ആരുടെ മുമ്പിൽ തലകുനിക്കാതെ ലിബിയൻ ജനതയെ ഈ മനുഷ്യൻ അടക്കിഭരിച്ചിരുന്നു. എന്നാൽ അധികാരത്തിന്റെ അതിരുകൾക്കുപ്പുറം പതനത്തിന്റെ നാളുകൾ അയാളെ തേടിയെത്തി. സകലമാന ആഡംബരങ്ങളുടെയും, സുരക്ഷയുടേയും നടുവിൽ കഴിഞ്ഞ ഈ മനുഷ്യന്, തന്റെ ജീവിതത്തിന്റെ അവസാന നിമിഷത്തിൽ ശത്രുക്കളിൽ നിന്ന് രക്ഷപെടാൻ മലിനജലം ഒഴുക്കികളയുന്ന പൈപ്പുകൾക്കുള്ളിൽ ഒളിക്കേണ്ടതായി വന്നു. ഉരുക്കുമനുഷ്യൻ എന്നറിയപ്പെട്ട ഗദ്ദാഫി അതിദയനീയമായി കൊല്ലപ്പെടുകയാണുണ്ടായത്.

ഇവിടെയാണ് ലോകത്തിലെ രാജാക്കന്മാരും, ക്രിസ്തുവെന്ന രാജാവും തമ്മിലുള്ള അന്തരം വ്യക്തമാവുക. അവൻ ഒരിക്കലും അധികാരിയുടെ പരിവേഷമണിഞ്ഞിട്ടില്ല. എല്ലാം ഉള്ളവനെങ്കിലും എല്ലാവരുടേയും ദാസനാവുകയാണ് ശ്രേഷ്ഠത എന്നവൻ പഠിപ്പിച്ചു. അങ്ങനെ തന്നെ ജീവിച്ചു.

ഇന്ന് രാജ്യങ്ങൾ ലോകത്തിലെ ഏറ്റവും പ്രഹരശേഷിയുള്ള ആയുധങ്ങളുടെ നിർമ്മാണത്തിലാണ്. മാത്രമല്ല ആയുധങ്ങൾ സ്വരുക്കൂട്ടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ലോകത്തിലെ ഏറ്റവും ശക്തിയേറിയ ആയുധം കൈവശമുള്ളവനും, അത് ഉപയോഗിച്ചവനും, അത് ഉപയോഗിക്കാൻ തന്റെ പ്രിയപ്പെട്ടവർക്കെല്ലാം പറഞ്ഞുകൊടുത്ത ധീരനായ രാജാവാണ് ഈശോ. ലോകത്തിൽ ഇതിലും ശക്തിയേറിയ ഒരു ആയുധം കണ്ടുപിടിക്കാൻ സാധിക്കുകയില്ല. മാത്രവുമല്ല ഈ ആയുധമുള്ളിടത്ത് മറ്റൊരു ആയുധവും ഉപയോഗിക്കേണ്ടതില്ല. അതിസമ്പന്നനായിക്കൊള്ളട്ടെ ദരിദ്രനായിക്കൊള്ളട്ടെ എല്ലാവർക്കും ഒരുപോലെ ഉപയോഗിക്കാൻ സാധിക്കുന്ന ഒരായുധമാണ് ക്രിസ്തുവെന്ന രാജാവ് ലോകത്തിന് പരിചയപ്പെടുത്തിയത്. അതിന്റെ പേരാണ് സ്നേഹം. അവിടുന്ന് ഇങ്ങനെ പഠിപ്പിച്ചു. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ."

ക്രിസ്തുവെന്ന രാജാവിനേയും, അവന്റെ ഭരണതന്ത്രങ്ങളേയും പിന്തുടർന്നുവെന്ന ഒറ്റക്കാരണത്താലാണ് ക്രൈസ്തവർ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡിപ്പിക്കപ്പെടുന്നതും, രക്തസാക്ഷികളായി മാറുന്നതും. തങ്ങളെ വധിക്കാനായ് കൊണ്ടുപോകുമ്പോൾ അവർക്ക് പരാതികളില്ലായിരുന്നു. അതുകൊണ്ടാണ് വി. ലോറൻസിനെ വലിയ തീക്കല്ലിൽ കിടത്തി വേവിക്കുമ്പോൾ അദ്ദേഹം ദൈവസ്നേഹത്താൽ നിറഞ്ഞ് ഇപ്രകാരം തന്റെ പീഡകരോട് പറഞ്ഞത്. "സഹോദരന്മാരേ എന്റെ ഒരു വശം നന്നായി മൊരിഞ്ഞിട്ടുണ്ട്. അപ്പുറവും ഇതു പോലെയാകാൻ എന്നെയൊന്ന് മറിച്ചിടാമോ?" ഇന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർ ക്രിസ്തുവെന്ന രാജാവിനെ പ്രതി സഹിക്കുന്നു.

ഒരിക്കൽ സൺഡേ ശാലോമിൽ ഒരു വാർത്ത വന്നതിപ്രകാരമാണ്. ചൈനയിലെ ക്രൈസ്തവരുടെ കുടുംബങ്ങളിൽ നിന്ന് ക്രിസ്തുവിന്റെ ഫോട്ടോ എടുത്ത് മാറ്റി, പകരം പ്രസിഡന്റ് ഷി ചിങ്ങ്പിങ്ങിന്റെ ഫോട്ടോ സ്ഥാപിക്കാൻ നിർബന്ധിച്ചു. ദരിദ്രരായ ക്രൈസ്തവരോട് ഭരണാധികാരി പറഞ്ഞതിങ്ങനെയാണ് "നിങ്ങളെ ദാരിദ്ര്യത്തിൽ നിന്നും രക്ഷിക്കാൻ ക്രിസ്തുവിന് കഴിയില്ല. പക്ഷേ എനിക്ക് കഴിയും."

യഥാർത്ഥത്തിൽ ദാരിദ്ര്യമെന്ന് പറയുന്നത് സമ്പത്തിന്റെ കുറവോ, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ കുറവോ മാത്രമാണെന്ന് കരുതരുത്. ഒരുവൻ ദരിദ്രനാണെങ്കിലും, യേശുവിനെ സ്നേഹിക്കുകയും, അവനിൽ ആശ്രയിക്കുകയും, അവനെ പിന്തുടരുകയും ചെയ്യുന്നെങ്കിൽ അവൻ മറ്റെല്ലാവരേക്കാൾ സമ്പന്നനാണ്.

യഥാർത്ഥ ദരിദ്രൻ ക്രിസ്തുവിനെ സ്വന്തമാക്കാത്തവനാണ്. കാരണം ക്രിസ്തുവിനെ സ്വന്തമാക്കാത്തവൻ, മറ്റുള്ളവരെ സ്നേഹിക്കുന്നതിൽ ദാരിദ്ര്യമനുഭവിക്കുന്നു, മറ്റുള്ളവരോട് ക്ഷമിക്കുന്ന കാര്യത്തിൽ ദാരിദ്ര്യമനുഭവിക്കുന്നു, മറ്റുള്ളവരോട് കാരുണ്യം കാണിക്കുന്നതിൽ ദാരിദ്ര്യമനുഭവിക്കുന്നു. താൻ കൂട്ടിവെച്ച സമ്പത്തിലും, തന്റെ പ്രശസ്തിയിലും ഒഴികെ മറ്റെല്ലാ കാര്യത്തിലും അവൻ ദരിദ്രനാണ്.

ഇന്ന് മിശിഹായുടെ രാജത്വത്തിരുനാൾ ആഘോഷിക്കുമ്പോൾ യഥാർത്ഥത്തിൽ നമ്മൾ സമ്പന്നരാണോ, അതോ ദരിദ്രനാണോ എന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും.

ഈശോ നമുക്ക് നൽകിയ സ്നേഹമെന്ന ആയുധമാണോ നമ്മൾ ഉപയോഗിക്കുന്നത്?

അവൻ പഠിപ്പിച്ചതും, കാണിച്ച് തന്നതുമായ ദാസന്റെ പരിവേഷമാണോ നമ്മിലുള്ളത്?

ഈ ശൈലികൾ അഭ്യസിക്കാനുള്ള ഏകമാർഗ്ഗം

ക്രിസ്തുവെന്ന രാജാവിനെ സേവിക്കുക.

അവിടുത്തെ അനുഗമിക്കുക.

അവിടുത്തെ തിരുമുഖത്ത് നിന്ന് പഠിക്കുക എന്നതാണ്.

*ആമേൻ.*